I ഇ.ബി. XIII-കേരള നിയമസഭ/XIV-8

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 08, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**അടിയന്തരപ്രമേയം**

**പകർച്ചപ്പനി**

മി. സ്പീക്കർ: ചെള്ളുപനി, കുരങ്ങുപനി, കാലാ-അസർ, ഡെങ്കിപ്പനി, ചിക്കൻഗുനിയ, എച്ച്1 എൻ1 തുടങ്ങിയ പുത്തൻ പകർച്ചവ്യാധികളുടെ വ്യാപനവും നിയന്ത്രിക്കപ്പെട്ടിരുന്നവയുടെ തിരിച്ചുവരവുംമൂലം സംസ്ഥാനത്ത് ആളുകൾ രോഗബാധിതരായിരിക്കുകയും സർക്കാർ/സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട അമ്പതോളം പേർ മതിയായ ചികിത്സ ലഭിക്കാതെ

മരണപ്പെടുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രൊഫ. സി. രവീന്ദ്രനാഥ്, സർവ്വശ്രീ വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് മഴക്കാലം ആരംഭിക്കുന്നതോടെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുമെന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിവന്നതിന്റെ ഫലമായി പനിബാധിതരുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞിട്ടുണ്ട്. എന്നാൽ എച്ച്1 എൻ1, മലമ്പനി തുടങ്ങിയവ ചില ജില്ലകളിൽ വ്യാപകമായി കണ്ടുവരുന്നുണ്ട്. പകർച്ചപ്പനി നിയന്ത്രണവിധേയമാക്കുന്നതിന്റെ ഭാഗമായി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുകൂട്ടുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വാർഡ്തലം മുതൽ സംസ്ഥാനതലം വരെ അവലോകന യോഗങ്ങളും ചേർന്നിട്ടുണ്ട്. പഞ്ചായത്ത്-നഗരകാര്യ വകുപ്പുകളും ശുചിത്വമിഷനും ആരോഗ്യ വകുപ്പുമായി

യോജിച്ച് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ജനുവരി മാസം മുതൽ നടപ്പാക്കിവരികയാണ്. പനിബാധിതരുടെ എണ്ണം ജൂൺ, ജൂലൈ മാസങ്ങളിൽ വർദ്ധിക്കുമെന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് ആശുപത്രികളിൽ ആവശ്യാനുസരണം പനിവാർഡുകളും പനിക്ലിനിക്കുകളും ആരംഭിക്കുകയും ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ തലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നതിനു പുറമേ ആവശ്യമായ മരുന്നുകളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് എല്ലാ ജില്ലകളിലും ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മുൻകരുതലോടെ പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചതിനാലാണ് പകർച്ചവ്യാധികൾ നിയന്ത്രണവിധേയമാക്കാൻ സാധിച്ചത്. തുടർന്നും ആവശ്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

പ്രൊഫ. സി. രവീന്ദ്രനാഥ്: കേരളം അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ ഈ വിഷയത്തെ ഗവൺമെന്റ് വളരെ ലാഘവബുദ്ധിയോടെയാണ് കാണുന്നത്. പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കാതെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. പ്രതിദിനം ഇരുപത്തി അയ്യായിരത്തിലധികം ആളുകൾ പനി പിടിപെട്ട് ആശുപത്രികളിൽ എത്തുന്നുണ്ട്. പനി ബാധിക്കുന്നവരുടെ എണ്ണവും അതിനിടയാക്കുന്ന ബാക്ടീരിയകളുടെയും വൈറസുകളുടെയും ശതമാനവും

വർദ്ധിച്ചുവരികയാണ്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ജനസംഖ്യയുടെ പത്ത് ശതമാനത്തിലധികം പനി ബാധിതരാകുമെന്ന ഭീതി നിലനിൽക്കുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെയും നഴ്സുമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിന് നടപടിയുണ്ടാകുന്നില്ല. ആശുപത്രികളിൽ രോഗികൾക്ക് ശ്രദ്ധാപൂർവ്വമുള്ള പരിചരണം നിഷേധിക്കുകയാണ്. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമല്ല. 61 താലൂക്ക് ആശുപത്രികളിൽ അത്യാഹിതവിഭാഗവും 700 ആശുപത്രികളിൽ ക്ലിനിക്കൽ ലാബും പ്രവർത്തിക്കുന്നില്ല. ലാബുകളിൽ കൃത്യമായ രോഗനിർണ്ണയത്തിനാവശ്യമായ ഉപകരണങ്ങളും ജീവനക്കാരുമില്ല. രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ആരോഗ്യ വകുപ്പ് തയ്യാറാകണം. പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലുള്ള ആരോഗ്യ വകുപ്പിന്റെ പരാജയമാണ് സാംക്രമിക രോഗങ്ങൾ അനിയന്ത്രിതമാകാൻ കാരണമായത്. കാലാവസ്ഥാ വ്യതിയാനവും അന്തരീക്ഷ/ജല മലിനീകരണവും മനുഷ്യേതര ജീവജാലങ്ങളുടെ പ്രതിരോധശേഷി കുറയുന്നതുമൂലം അവയ്ക്കുണ്ടാകുന്ന രോഗങ്ങൾ മനുഷ്യരിലേയ്ക്ക് പകരുന്നതിന്

കാരണമാകുന്ന അവസ്ഥയെ സംബന്ധിച്ച് പഠനം നടത്താൻ ആരോഗ്യവകുപ്പ് തയ്യാറാകണം. നിലവിലുള്ള മെഡിക്കൽ കോളേജുകളിലെ ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമായി തുടരുമ്പോൾ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുകൊണ്ട് ഗുണപരമായ മാറ്റമുണ്ടാകില്ലെന്ന കാര്യം ആരോഗ്യ വകുപ്പ് തിരിച്ചറിയണം. ജനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആരോഗ്യവകുപ്പും അനുബന്ധ വകുപ്പുകളും രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ മാസങ്ങൾക്കു മുമ്പുതന്നെ ആരംഭിച്ച പ്രവർത്തനങ്ങളാണ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം പനി ബാധിതരുടെ എണ്ണം കുറയ്ക്കാൻ കാരണമായത്. എച്ച്1 എൻ1, കാലാഅസർ, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ കാണുന്ന പ്രദേശങ്ങളിൽ പ്രത്യേകമായി ഉദ്യോഗസ്ഥരെ നിയമിച്ച് അടിയന്തര ഇടപെടൽ നടത്തി അവയുടെ വ്യാപനം തടയുന്നതിനും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ആരോഗ്യവകുപ്പ് പ്രധാന പരിഗണന

നൽകുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കുന്നതിനായി പ്രൈമറി ഹെൽത്ത് സെന്ററുകളില്ലാതിരുന്ന പഞ്ചായത്തുകളിൽ അവ അനുവദിക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യവകുപ്പ് 19230 വാർഡുകൾക്കായി 19.23 കോടി രൂപ അനുവദിക്കുകയും തനത് ഫണ്ടിൽ നിന്നും 5000 രൂപയുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിൽ ശുചിത്വമിഷൻ 20,000 രൂപവീതം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചാലുടൻതന്നെ ശുചിത്വ മിഷന്റെ ഫണ്ട് ലഭിക്കുന്നതാണ്. 206 ഇനം പകർച്ചവ്യാധി പ്രതിരോധ മരുന്നുകൾ എല്ലാ ആശുപത്രികളിലും എത്തിക്കുകയും സ്വകാര്യ ആശുപത്രികളിലുൾപ്പെടെ പ്രതിരോധ മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മെഡിക്കൽ/ദന്തൽ കോളേജുകൾ ആരംഭിക്കുകയും 27 പി.എച്ച്.സി.കൾ അപ്ഗ്രേഡ് ചെയ്യുകയും 4799 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഘട്ടംഘട്ടമായി 1961-ലെ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. ഡോക്ടർമാരുടെ 533 വേക്കൻസികളാണ് നിലവിലുള്ളതെങ്കിലും 796 എൻ.ആർ.എച്ച്.എം. ഡോക്ടർമാരും 165 സ്പെഷ്യലിസ്റ്റ്

ഡോക്ടർമാരും ഉൾപ്പെടെ 961 ഡോക്ടർമാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. പി.ജി. കഴിഞ്ഞ 159 ഡോക്ടർമാരെ ഉടൻ നിയമിക്കുന്നതാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 230 ഡോക്ടർമാരെയും 88 സ്റ്റാഫ് നഴ്സുമാരെയും 86 ഫാർമസിസ്റ്റുകളെയും അടിയന്തരമായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 125 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ലബോറട്ടറികൾ ആരംഭിക്കുകയും എല്ലാ പി.എച്ച്.സി.കളിലും ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. പകർച്ചവ്യാധി നിയന്ത്രണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2.39 കോടി രൂപയും ജലജന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിന് 50 ലക്ഷം രൂപയും സംയോജിത രോഗ നിരീക്ഷണ പരിപാടിക്കുവേണ്ടി ആർ.ഒ.പി. പ്രകാരമുള്ള 32 ലക്ഷം രൂപയും ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി 1.76 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 9651 വ്യക്തിഗത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 132 എണ്ണം താൽക്കാലികമായി അടച്ചുപൂട്ടുകയും ചെയ്തിട്ടുണ്ട്. എമിഗ്രന്റ്സ് കോളനികളിൽ സ്ക്രീനിംഗ് നടത്തുന്നതിനായി ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കുകയും പഞ്ചായത്ത്/നഗരകാര്യ/തൊഴിൽ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ബോധവത്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും

സംഘടിപ്പിക്കുകയും ചെയ്തതിലൂടെ അന്യസംസ്ഥാന തൊഴിലാളികളിൽ വിവിധയിനം പകർച്ചവ്യാധികൾ പിടിപെട്ടിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പരിപാലനത്തിനുവേണ്ടി 'ജാഗ്രത' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കാലാ-അസർ, കുരങ്ങുപനി എന്നിവ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ വൈറോളജി യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികളുമായി ആരോഗ്യവകുപ്പ് മുന്നോട്ട് പോകുകയാണ്. പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി.ദിവാകരൻ, മാത്യു ടി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപസമയ ത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധ ക്ഷണിക്കൽ

### (1) കാമ്പസുകളിലെ സംഘടനാ പ്രവർത്തനം

ശ്രീ. ഷാഫി പറമ്പിൽ: കേരളത്തിലെ കാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിഷേധിക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. കോടതികളും അതിനനുകൂലമായ തീരുമാനമെടുക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. സംഘടനാ പ്രവർത്തനത്തിൽ കാലാനുസൃതമായ മാറ്റം നടപ്പിലാക്കാൻ വിദ്യാർത്ഥി-യുവജന പ്രസ്ഥാനങ്ങൾ തയ്യാറാകണമെന്ന നിലപാടിനോട് യോജിക്കുന്നു. എന്നാൽ കാമ്പസുകളിലെ സംഘടനാ പ്രവർത്തനം അധ:പതിച്ചുപോകുന്ന തരത്തിലുള്ള നിലപാട് സ്വീകരിക്കരുത്. അവകാശത്തിനുവേണ്ടി ശബ്ദമുയർത്തുന്നവർ കാമ്പസിന്റെ പടിക്കുപുറത്ത് നിൽക്കണമെന്ന നിലപാട് ശരിയല്ല. കക്ഷിരാഷ്ട്രീയത്തിനതീതമായി വിദ്യാർത്ഥി രാഷ്ട്രീയത്തിനനുകൂലമായ സമീപനം സ്വീകരിക്കണം. വിദ്യാർത്ഥികളെ ഡിജിറ്റൽ യുഗത്തിലേയ്ക്ക് ഉയർത്തുന്നതിനും ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന തീരുമാനമെടുക്കുന്നതിനും

വിദ്യാർത്ഥി സംഘടനകൾക്ക് ഗവൺമെന്റ് അംഗീകരിക്കുന്ന രജിസ്ട്രേഷൻ നൽകുന്നതിനും തയ്യാറാകണം. കാമ്പസുകളിൽ സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുന്നതിന് നിയമനിർമ്മാണം നടത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിഷേധിക്കുകയോ ജനാധിപത്യവേദികൾ ഇല്ലാതാക്കുകയോ ചെയ്യാനുള്ള ഒരു ശ്രമവും സർക്കാർ നടത്തിയിട്ടില്ല. കലാലയങ്ങളിൽ സമാധാനം നിലനിർത്തുവാനും വിദ്യാർത്ഥികൾക്ക് നിർഭയമായി കലാലയങ്ങളിലേയ്ക്ക് കടന്നുചെല്ലാനും പഠനം വിജയകരമായി പൂർത്തിയാക്കി പുറത്തിറങ്ങാനുമുള്ള സാഹചര്യമുണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. വിദ്യാർത്ഥി രാഷ്ട്രീയം സർക്കാർ നിരോധിച്ചിട്ടില്ല. കലാലയ അന്തരീക്ഷം കലുഷിതമാകാതിരിക്കാൻ നീതിപീഠങ്ങളും ഇടപെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോളേജുകളിൽ അച്ചടക്കം നിലനിർത്തുന്നതിനും സംഘടനാ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കുന്നതിനും സർക്കാർ യൂണിവേഴ്സിറ്റികൾക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഇലക്ഷൻ സമ്പ്രദായം പാർലമെന്ററി രീതിയിലേയ്ക്ക് മാറ്റുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

യൂണിവേഴ്സിറ്റി പുറപ്പെടുവിക്കണമെന്നും ഇലക്ഷനിൽ പങ്കെടുക്കുന്നവർ സാമാന്യ രീതിയിലുള്ള അച്ചടക്കവും അക്കാദമിക് നിലവാരം ഉള്ളവരും ഒന്നാം വർഷ വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക് എൺപത് ശതമാനമെങ്കിലും ഹാജരുണ്ടാകണമെന്നും എല്ലാ വിഷയങ്ങളും പാസ്സായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കലാലയ-വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ മറവിലുള്ള അക്രമ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിനും രാഷ്ട്രീയ അവബോധം വളർത്തുന്നതിനും പ്രത്യേക കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കണമെന്നും യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രിൻസിപ്പലിന്റെ അനുവാദമില്ലാതെ കലാലയത്തിനുള്ളിൽ യോഗങ്ങൾ, ബാനർ, കൊടിതോരണങ്ങൾ, പോസ്റ്ററുകൾ, പുറത്തുനിന്നുള്ളവരുടെ ഇടപെടൽ തുടങ്ങിയവ അനുവദിക്കുന്നതല്ലെന്നും വസ്തുവകകൾ നശിപ്പിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഉത്തരവാദികളായവരിൽനിന്നോ മുഴുവൻ വിദ്യാർത്ഥികളിൽനിന്നോ നഷ്ടം ഈടാക്കുന്നതാണെന്നും ക്രിമിനൽ കേസുകളിലോ സസ്പെൻഷനിലോ ഉള്ള വിദ്യാർത്ഥികളെ കോളേജ് കാമ്പസിനുള്ളിൽ പ്രവേശിക്കുന്നത് വിലക്കണമെന്നും അദ്ധ്യാപകരോ സ്റ്റാഫ് അംഗങ്ങളോ യാതൊരു രാഷ്ട്രീയ പ്രവർത്തനങ്ങളിലും ഇടപെടരുതെന്നും നിഷ്കർഷിച്ചിരുന്നു. സുഗമമായി അധ്യയനം നടത്താൻ

സാധിക്കാത്തപക്ഷം അവധി പ്രഖ്യാപിക്കാൻ പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കുന്നതും കോളേജിനകത്ത് ക്രിമിനൽ സ്വഭാവമുള്ള സംഭവം നടന്നാൽ പോലീസിനെ അറിയിക്കണമെന്നും കർശന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശങ്ങൾ നൽകിയിരുന്നു. വിദ്യാഭ്യാസ മേഖലയിൽ സമാധാനം നിലനിർത്താൻ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുവെന്നല്ലാതെ വിദ്യാർത്ഥി സംഘടനാ രാഷ്ട്രീയ പ്രവർത്തനം നിഷേധിച്ചുകൊണ്ട് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. വിദ്യാർത്ഥി സംഘടനകൾക്ക് അംഗീകാരത്തോടുകൂടി പ്രവർത്തിക്കാൻ സാധിക്കണമെന്നും സംരക്ഷണം ഒരുക്കികൊടുക്കണമെന്നുമുള്ള നിർദ്ദേശം പരിഗണിക്കുന്നതാണ്.

## (2) തീരദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: തീരദേശവാസികൾ ഗുരുതരമായ ജീവിത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരുകളുടെ തെറ്റായ നയസമീപനങ്ങളും കാലാവസ്ഥ വ്യതിയാനവും മത്സ്യലഭ്യതയെ കാര്യമായി ബാധിച്ചതും പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണ്. കിടപ്പാടവും ജീവനോപാധികളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അർഹമായ

നഷ്ടപരിഹാരം നൽകാനും കടൽക്ഷോഭം പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. കടക്കെണിയിൽ അകപ്പെട്ട് വട്ടിപ്പലിശക്കാരുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും ചൂഷണത്തിന് ഇരയാകുകയും ചെയ്ത പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കണം. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സഹകരണ-ദേശസാൽകൃത-പൊതുമേഖലാ ബാങ്കുകളിൽനിന്നുമെടുത്ത കടം എഴുതിത്തള്ളണം. സമ്പാദ്യ സമാശ്വാസ പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന സർക്കാർ വിഹിതം അടയ്ക്കാനും വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കാനും നടപടിയുണ്ടാകണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനവും ഭവന നിർമ്മാണ പദ്ധതികളും പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. തീരദേശപരിപാലന നിയമം ബാധകമാക്കിയതിനാൽ ഭവന നിർമ്മാണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്നില്ല. അർഹതപ്പെട്ട മണ്ണെണ്ണ വിഹിതം നൽകാൻ കഴിയുന്നില്ലെന്നു മാത്രമല്ല വെരിഫിക്കേഷന്റെ പേരിൽ പെർമിറ്റുകൾ റദ്ദ് ചെയ്യുകയുമാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കമ്പനികൾക്ക്

അനുമതി നൽകിയതിലൂടെ മത്സ്യലഭ്യത കുറഞ്ഞിരിക്കുകയാണ്. മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചേറ്റുവ ഹാർബറിന്റേയും ഫിഷ് ലാന്റിംഗ് സെന്ററിന്റേയും നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രശ്നപരിഹാരത്തിന് ഈ ഗവൺമെന്റ് മുൻകാലങ്ങളെ അപേക്ഷിച്ച് സാധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരപ്രദേശത്തെ പ്രതിസന്ധി കണക്കിലെടുത്ത് ട്രോളിംഗ് നിരോധനത്തിനുമുമ്പ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ട്രോളിംഗ് നിരോധന കാലയളവിൽ റേഷൻ വിതരണത്തിനായി ഇരുപത് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള മെയ് മാസത്തിലെ ഒരു ഗഡു വിതരണം ചെയ്തിട്ടുണ്ട്. ജൂൺ മാസത്തെ ഗഡു വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ധനസഹായം 1800 രൂപയിൽനിന്ന് 2700 രൂപയായി

വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ചതിനുപുറമെ ഉപധനാഭ്യർത്ഥന വഴി കൂടുതൽ തുക ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. കടാശ്വാസത്തിനായി രജിസ്റ്റർ ചെയ്ത 129691 അപേക്ഷകളിൽ 70324 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതിൽ 2014-15 വരെ 175.7 കോടി രൂപ അനുവദിക്കുകയും 54571 ഗുണഭോക്താക്കൾക്ക് കടാശ്വാസം ലഭിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം അനുവദിച്ച തുക സഹകരണ വകുപ്പ് ദേശസാൽകൃത ബാങ്കുകൾ/മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെടുത്ത വായ്പകൾക്ക് ആശ്വാസം നൽകുന്നതിന് വിനിയോഗിക്കുകയും ദേശസാൽകൃത ബാങ്കുകളുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും രണ്ടാംഘട്ട അദാലത്ത് നടന്നുകൊണ്ടിരിക്കുകയുമാണ്. തീരദേശ മേഖലകളിലെ മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ മത്സ്യബന്ധന ഉപകരണങ്ങൾ

മത്സ്യഫെഡ് മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പയും നൽകി വരുന്നുണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ വിതരണം ചെയ്യുന്നതിലുള്ള പ്രതിസന്ധി പരിഹരിക്കാൻ 9 തീരദേശ ജില്ലകളിലും മത്സ്യഫെഡ് മുഖേന 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 15 കോടി രൂപ അനുവദിക്കുകയും എട്ട് ബങ്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. ഭവനനിർമ്മാണ ധനസഹായമായി 9178 വീടുകൾക്ക് രണ്ട് ലക്ഷം രൂപാ വീതം നൽകുകയും ഈ വർഷം അയ്യായിരം വീടുകൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തീരദേശ സംരക്ഷണ ചട്ടം മറയാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് അനുമതി നൽകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ക്ഷേമനിധിയുടെ ആനുകൂല്യം ലഭിക്കാനുള്ള വരുമാനപരിധി അമ്പതിനായിരം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് അഡ്മിഷൻ പൂർത്തിയാകുന്ന മുറയ്ക്ക് നൽകുന്നതാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള ചികിത്സാ സഹായം

വർദ്ധിപ്പിച്ചിട്ടുമുണ്ട്.

## സബ്മിഷൻ

### (1) മാധ്യമപ്രവർത്തകരുമായി ബന്ധപ്പെട്ട സമിതികൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മാധ്യമ പ്രവർത്തകരുമായി ബന്ധപ്പെട്ട പ്രസ് അക്രെഡിറ്റേഷൻ കമ്മിറ്റി, മീഡിയ അക്കാഡമി ജനറൽ കൗൺസിൽ, പെൻഷൻ കമ്മിറ്റി എന്നിവ പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): മാധ്യമപ്രവർത്തകരുമായി ബന്ധപ്പെട്ട മൂന്ന സമിതികളുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. പെൻഷൻ കമ്മിറ്റിയുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. വിഷ്വൽ മീഡിയ കൂടി ഉൾപ്പെടുത്തുന്നതിനായി പ്രസ് അക്കാദമിയുടെ പേര് മാറ്റി മീഡിയ അക്കാദമി എന്ന് ബൈലോയിൽ മാറ്റം വരുത്തിയതനുസരിച്ച് നിയമവകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും പരിശോധനയ്ക്കുശേഷം പുന:സംഘടിപ്പിക്കുന്നതാണ്. അക്രെഡിറ്റേഷൻ കമ്മിറ്റിയുടെ പുന:സംഘടന എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

### (2) ചൈനാ ക്ലേ യൂണിറ്റുമൂലമുള്ള മലിനീകരണം

ശ്രീ. കെ. എം. ഷാജി: അഴീക്കോട് നിയോജകമണ്ഡലത്തിലെ

മാടായിപ്പാറയിൽ ചൈനാ ക്ലേ ഖനനം മൂലമുണ്ടാകുന്ന മലിനീകരണം തദ്ദേശവാസികളിൽ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നതുകൊണ്ട് പ്രസ്തുത യൂണിറ്റ് അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): മാടായിപ്പാറയിലെ ചൈനാ ക്ലേ യൂണിറ്റ് ഉണ്ടാക്കുന്ന മലിനീകരണ പ്രശ്നം വളരെ ഗുരുതരമാണ്. വിവിധ തലത്തിലുള്ള നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഖനന പ്രവർത്തനങ്ങളും പ്രോസസ്സിംഗും താത്കാലികമായി നിർത്തിവയ്ക്കാനും വൈവിധ്യവത്കരണത്തിനും തൊഴിലാളികളുടെ വോളണ്ടറി റിട്ടയർമെന്റിനും വേണ്ട വിശദമായ പദ്ധതി തയ്യാറാക്കി സമർപ്പിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്.

## (3) സ്വർണ്ണക്കള്ളക്കടത്ത്

ശ്രീ. വി.ഡി. സതീശൻ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്വർണ്ണക്കള്ളക്കടത്ത് തടയുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ സ്വർണ്ണക്കടത്ത്, മനുഷ്യക്കടത്ത്, ഹവാല തുടങ്ങിയ പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതായും ഇതിനായി

ട്രാവൽ ഏജൻസികൾ, എമിഗ്രേഷൻ കസ്റ്റംസ് എൻഫോഴ്സ്മെന്റ്, എയർപോർട്ട് ഉദ്യോഗസ്ഥർ എന്നിവരുടെ സഹായം ലഭിക്കുന്നതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കരിപ്പൂർ, നെടുമ്പാശ്ശേരി വിമാനത്താവളങ്ങൾ കേന്ദ്രസർക്കാരിന്റെ ബ്യൂറോ ഓഫ് എമിഗ്രേഷൻ ഏറ്റെടുത്തതിനാൽ സംസ്ഥാന പോലീസിന് ടി വിമാനത്താവളങ്ങളിൽ അനധികൃത മുതലുകളുമായി പിടിക്കപ്പെടുന്ന കേസ്സുകളിന്മേൽ ഇടപെടുന്നതിന് പരിമിതിയുണ്ട്. കൺസർവേഷൻ ഓഫ് ഫോറിൻ എക്സ്ചേഞ്ച് ആന്റ് പ്രിവൻഷൻ ഓഫ് സ്മഗ്ലിങ്ങ് ആക്ടിവിറ്റീസ് ആക്ട് പ്രകാരം കള്ളക്കടത്ത് നടത്തിയ 11 പേരെ ഇപ്പോൾ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. വിമാനത്താവളങ്ങളിൽ വർദ്ധിച്ചുവരുന്ന കള്ളക്കടത്തിനുപിന്നിൽ സ്ത്രീ പങ്കാളിത്തം വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എയർപോർട്ടുകൾ കേന്ദ്രീകരിച്ച് നടക്കുന്ന കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി തടയുന്നതിന്റെ ഭാഗമായി കള്ളക്കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾ, കള്ളക്കടത്ത് രീതികൾ എന്നിവ കസ്റ്റംസ്-റവന്യൂ, ഇന്റലിജൻസ് എന്നീ കേന്ദ്ര ഏജൻസികൾ പരസ്പരം കൈമാറുകയും വിമാനത്താവളങ്ങളിലും കാർഗോ കോംപ്ലക്സുകളിലും തീരപ്രദേശങ്ങളിലും മിന്നൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്.

വിമാനത്താവളങ്ങളിൽ നിന്നും കള്ളക്കടത്തിലൂടെ പുറത്തെത്തിക്കുന്ന സ്വർണ്ണം വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുന്നവരെയും വിപണനം ചെയ്യുന്നവരെയും കണ്ടെത്തി നിയമനടപടികൾക്ക് വിധേയമാക്കുന്നതിനുള്ള അനുവാദം സംസ്ഥാന പോലീസിന് നൽകണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (4) 'പ്രേമം' സിനിമയുടെ വ്യാജ പകർപ്പ്

ശ്രീ. എസ്. ശർമ്മ: 'പ്രേമം' സിനിമയുടെ വ്യാജകോപ്പി ചോർത്തി മാധ്യമങ്ങളിൽ പ്രദർശിപ്പിച്ചവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നിയമനടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 'പ്രേമം' സിനിമയുടെ പകർപ്പുകൾ ഇന്റർനെറ്റിലൂടെ പ്രചരിക്കുന്നതായി പരാതി ലഭിച്ചതിനെത്തുടർന്ന് നടത്തിയ പ്രാഥമികാന്വേഷണത്തിൽ സിനിമയുടെ കോപ്പികൾ ഇന്റർനെറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും പ്രചരിച്ചുവരുന്നതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോപ്പിറൈറ്റ് ആക്ട്, ഐ.റ്റി. ആക്ട് എന്നിവ പ്രകാരം ക്രൈം ബ്രാഞ്ച് ഹെഡ്ക്വാർട്ടേഴ്സിൽ കേസ് രജിസ്റ്റർ ചെയ്ത് വിശദമായ അന്വേഷണത്തിനായി ആന്റിപൈറസി സെൽ

ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വ്യക്തികളിൽ നിന്നും വെബ്സൈറ്റുകൾ പരിശോധിച്ചും തെളിവുകൾ ശേഖരിക്കുന്നതോടൊപ്പം സിനിമ എഡിറ്റ് ചെയ്ത വിസ്മയ സ്റ്റുഡിയോയിലെയും ചിത്രാഞ്ജലി സ്റ്റുഡിയോയിലെയും റിക്കോർഡുകൾ പരിശോധിച്ച് ഇന്റർനെറ്റിൽ പ്രചരിച്ചിട്ടുള്ള പൈറേറ്റഡ് കോപ്പിയും ടി സ്ഥാപനങ്ങളിൽ സൂക്ഷിച്ചിട്ടുള്ള കോപ്പികളും കമ്പ്യൂട്ടറുകളിൽ നിന്നും ശേഖരിച്ച ലോഗ് ഡീറ്റയിൽസും ശാസ്ത്രീയ പരിശോധന നടത്തുന്നതിനായി വിദഗ്ദ്ധ ഏജൻസികൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പൈറസി സൈറ്റിന്റെ ശാസ്ത്രീയ അവലോകനത്തിൽ ലഭ്യമായ വെബ്സൈറ്റ് ഡീറ്റയിൽസിന്റെ അടിസ്ഥാനത്തിൽ ടി സിനിമ അപ്‌ലോഡ് ചെയ്തവരെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തുന്നതോടൊപ്പം വിദഗ്ദ്ധന്മാരെ ഉൾപ്പെടുത്തി ആന്റീ പൈറസീ സെൽ ശക്തിപ്പെടുത്തുന്നതിന് ഐ.പി.എസ്. ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

## (5) ഫയർ സ്റ്റേഷനും പോലീസ് സ്റ്റേഷനും ആരംഭിക്കൽ

ശ്രീ. എ.എം. ആരിഫ്: അരൂർ മണ്ഡലത്തിൽ ഫയർസ്റ്റേഷനും പോലീസ് സ്റ്റേഷനും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വ്യവസായ ആഭ്യന്തര വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത

യോഗത്തിൽ വച്ച് അരൂർ പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാനും ഇപ്പോൾ പോലീസ് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് പുതിയ ഫയർ സ്റ്റേഷൻ തുടങ്ങാൻ അനുവദിക്കാമെന്നും തീരുമാനിക്കുകയുണ്ടായി. പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചാൽ മാത്രമേ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള കെട്ടിടം ലഭ്യമാകുകയുള്ളൂ.

## (6) നഷ്ടപരിഹാരം

ശ്രീ. ജോസഫ് വാഴയ്ക്കൻ: മൂവാറ്റുപുഴ താലൂക്കിൽ അതിശക്തമായ കാറ്റിലും മഴയിലുംപെട്ട് നാശനഷ്ടങ്ങളുണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും വെള്ളൂർക്കുന്നം എൻ.എസ്.എസ്.കുന്ന് (കോർ മല) ഭിത്തി കെട്ടി ബലപ്പെടുത്തുന്നതിനും പ്രസ്തുത പ്രദേശത്തെ വാട്ടർ ടാങ്ക് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മൂവാറ്റുപുഴ താലൂക്കിലെ വെള്ളൂർക്കുന്നം ജംഗ്ഷനിൽ ചരിഞ്ഞുകിടന്ന സ്ഥലത്തെ മണ്ണ് നീക്കംചെയ്ത് ബഹുനില വാണിജ്യ കെട്ടിടങ്ങൾ നിർമ്മിച്ചതുകൊണ്ടാണ് ശക്തമായ മഴയത്ത്

മണ്ണിടിഞ്ഞുവീണ് നാശനഷ്ടമുണ്ടായത്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തെ എല്ലാ നിർമ്മാണപ്രവർത്തനങ്ങളും നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ആർ.ഡി.ഒ. നൽകിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും വാട്ടർടാങ്കും അനുബന്ധ റോഡും കുന്നും സംരക്ഷിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പരിശോധിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. പ്രത്യേക മാനദണ്ഡമനുസരിച്ചാണ് പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുന്നത്. ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാം. കാലവർഷക്കെടുതിമൂലമുള്ള കൃഷിനാശം, മറ്റ് നാശനഷ്ടങ്ങൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരം ജില്ലാകളക്ടർക്കുതന്നെ നിലവിലുള്ള മാനദണ്ഡപ്രകാരം വിതരണം ചെയ്യാവുന്നതാണ്.

## (7) വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ വികസന പ്രവർത്തനം

ശ്രീ. ബെന്നി ബെഹനാൻ: വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ദീർഘദൂര ബസ്സുകൾ എറണാകുളം നഗരത്തിൽ പ്രവേശിക്കുന്നതുമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും റോഡ്, മെട്രോ റെയിൽ, ജലഗതാഗതം എന്നീ വിവിധ യാത്രാമാർഗ്ഗങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായ വിധത്തിൽ

സംയോജിപ്പിക്കുന്നതിനും വേണ്ടിയാണ് വൈറ്റില മൊബിലിറ്റി ഹബ്ബ് സ്ഥാപിച്ചത്. വിവിധ ഘട്ടങ്ങളിലായി വികസനം പൂർത്തിയാക്കാൻ ഉദ്ദേശിച്ച മൊബിലിറ്റി ഹബ്ബിന്റെ ആദ്യഘട്ടം 2011-ൽ പ്രവർത്തനക്ഷമമായി. രണ്ടാംഘട്ട വികസനം നടപ്പാക്കാനാവശ്യമായ പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭരണപരമായ മാറ്റങ്ങളിൽ മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ഉമ്മൻ ചാണ്ടി): മൊബിലിറ്റി ഹബ്ബ് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ഭരണപരമായ മാറ്റങ്ങളിൽ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (8) ലൈഫ് ഗാർഡുകളുടെ പ്രശ്നങ്ങൾ

(ഈ വിഷയം സംബന്ധിച്ച് ശ്രീ. വർക്കല കഹാറും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. എളമരം കരീം: ടൂറിസം ലൈഫ് ഗാർഡുകൾക്കുള്ള ദിവസവേതനം വർദ്ധിപ്പിക്കുന്നതിനും അവരെ സ്ഥിരപ്പെടുത്തുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ): ലൈഫ് ഗാർഡുകളുടെ ദിവസ വേതനം പരിഹരിക്കുന്നതിനായി നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വേതനം 400

രൂപയായും ഫുഡ് അലവൻസ് 100 രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. കൂടുതൽ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (9) ടോൾ പിരിവ്

ശ്രീ. സി.പി. മുഹമ്മദ്: പട്ടാമ്പിയിലെ പൂലാമന്തോൾ പാലത്തിലെയും ഷൊർണ്ണൂരിലെ കൊച്ചി പാലത്തിലെയും ടോൾ പിരിവ് അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെയും പുലാമന്തോൾ പാലത്തിന്റെയും ടോൾ പിരിവ് നിർത്തലാക്കുന്നത് സംബന്ധിച്ച പ്രശ്നം സർക്കാരിന്റെ പരിഗണനയിലാണ്.

## (10) മരങ്ങൾ മുറിച്ചുമാറ്റൽ

ശ്രീ. ബാബു എം. പാലിശ്ശേരി: സ്റ്റേറ്റ്-നാഷണൽ ഹൈവേ മുതൽ ചെറുതും വലുതുമായ പി.ഡബ്ല്യു.ഡി. റോഡുകളിൽവരെ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ കണ്ടെത്തി മുറിച്ചുമാറ്റുന്നതിനും പകരം ഔഷധഗുണമുള്ളതും ഭീമാകാരമല്ലാത്തതുമായ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സ്റ്റേറ്റ് -

നാഷണൽ ഹൈവേ മുതൽ ചെറുതും വലുതുമായ പി.ഡബ്ല്യു.ഡി. റോഡുകളിൽ വരെ നിൽക്കുന്ന കാലപ്പഴക്കമുള്ള മരങ്ങൾ കാറ്റത്തും മഴയത്തുംവീണ് അത്യാഹിതങ്ങൾ സംഭവിക്കുന്നതുകൊണ്ട് അവ മുറിച്ചുമാറ്റിക്കൊണ്ടിരിക്കുകയാണ്. മുറിച്ചുമാറ്റുന്ന മരങ്ങൾക്കനുസൃതമായി റോഡരികിൽ പുളി, ആര്യവേപ്പ് തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ പ്രശ്നം പൊതുവായി കേരള സമൂഹം ചർച്ച ചെയ്തിട്ടുള്ളതാണ്. റോഡ് ഫ്രണ്ട്‌ലിയായിട്ടുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## പ്രത്യേക പരാമർശം

### വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ അക്രമം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): പാഠപുസ്തകം വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് സമരം ചെയ്ത വിദ്യാർത്ഥികളെ ഇന്നലെയും

പോലീസ് വ്യാപകമായി തല്ലിച്ചതച്ചു. പാഠപുസ്തകങ്ങൾ ജൂലൈ 20-നകം നൽകുമെന്ന് മന്ത്രി ഇന്നലെ സഭയ്ക്ക് ഉറപ്പുനൽകിയതാണ്. ഇക്കാര്യം ബന്ധപ്പെട്ട വിദ്യാർത്ഥി സംഘടനകളെ ഔപചാരികമായി അറിയിച്ചിരുന്നുവെങ്കിൽ ഇന്നലത്തെ അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാമായിരുന്നു. ഇന്നലെ കോട്ടയത്ത് നടന്ന സമരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഇന്ന് രാവിലെ മുതൽ വീടുകളിൽക്കയറി പോലീസ് അറസ്റ്റ് ചെയ്യുകയാണ്. പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീർക്കുന്നതിന് ഈ ഗവൺമെന്റ് എന്നും തയ്യാറായിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുംകൂടി വിദ്യാർത്ഥി സംഘടനാ നേതാക്കളെ വിളിച്ച് അവർക്ക് ബോധ്യപ്പെടുന്ന രീതിയിലുള്ള ചർച്ച നടത്തുന്നതാണ്. പോലീസിനെതിരെയുള്ള അക്രമസമരങ്ങൾ ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല. പ്രതികളുടെ പേരിൽ കേസ്സെടുത്ത് അറസ്റ്റ് ചെയ്ത് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ധനകാര്യം

### 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): താഴെപ്പറയുന്ന

ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം
(11105,43,46,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. എം. ഹംസ: കേരളത്തിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകമില്ലായെന്നുള്ള വിഷയമാണ് ലോകമെമ്പാടും ഇന്ന് ചർച്ച ചെയ്യപ്പെടുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും മുന്നിൽ നിന്നിരുന്ന കേരളത്തിന് ഇന്ന് ആ സ്ഥാനം നഷ്ടപ്പെട്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ പുരോഗതി കാത്തുസൂക്ഷിക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഡി.പി.ഐ. തസ്തികയിൽ എട്ട് പേരാണ് മാറിമാറിവന്നിട്ടുള്ളത്. ഡി.ഡി.-മാരുടെയും ഡി.ഒ.-

മാരുടെയും എ.ഇ.ഒ.-മാരുടെയും എച്ച്.എം-.മാരുടെയും നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ ആർ.എം.എസ്.എ. സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ അടുത്തഘട്ടം ലഭിച്ചിട്ടില്ല. സ്പോർട്സും ചിത്രകലയും സംഗീതവും പഠിപ്പിക്കുന്നതിന് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനോ എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെ തസ്തിക നികത്തുന്നതിനോ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിന്റെ മാന്വൽ പുതുക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. ഹൈബി ഈഡൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി മുന്നോട്ടുപോകാൻ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തിനും സാധിച്ചിട്ടുണ്ട്. ക്ലോസ് സിസ്റ്റം ഓഫ് എഡ്യൂക്കേഷനിൽ നിന്നും ഓപ്പൺ സിസ്റ്റം ഓഫ് എഡ്യൂക്കേഷനിലേയ്ക്ക് വിദ്യാഭ്യാസ രംഗം മാറിക്കൊണ്ടിരിക്കുകയാണ്. ലോകോത്തര നിലവാരമുള്ള മേഖലകളുമായി കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ബന്ധപ്പെടുത്തുന്നതിനുള്ള ഏറ്റവും നല്ല ചുവടുവയ്പാണ് സ്റ്റുഡന്റ് എന്റർപ്രെണർഷിപ്പ് പ്രോഗ്രാം. ഗവൺമെന്റ് കോളേജുകളില്ലാത്ത 27 നിയോജകമണ്ഡലങ്ങളിൽ ഗവൺമെന്റ് കോളേജുകൾ അനുവദിക്കാനും 250 എയ്ഡഡ് കോഴ്സുകൾക്ക് അംഗീകാരം നൽകാനും കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട് അയ്യായിരത്തോളം

അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനും 25,500 കുട്ടികൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ 953 സ്കൂളുകളിലായി 33 സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കാനും സാധിച്ചു. എറണാകുളത്തെ മഹാരാജാസ് കോളേജ് ഉൾപ്പെടെയുള്ള ഒമ്പത് കോളേജുകൾക്ക് ഓട്ടോണമസ് പദവി അനുവദിച്ചിട്ടുണ്ട്. എറണാകുളത്തെ അംബേദ്കർ സ്റ്റേഡിയത്തിൽ ഫുട്ബോൾ സിന്തറ്റിക് ടർഫിന്റെ ഗ്യാലറി നിർമ്മിക്കുന്നതിനാവശ്യമായ പണം അനുവദിക്കാനും എറണാകുളം മഹാരാജാസ് കോളേജിലെ സിന്തറ്റിക് ട്രാക്ക് റീസർഫസ് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതികൾ തുടരണം. സ്കൂൾ വെക്കേഷൻ മൺസൂൺ കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ ആക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീമതി ഗീതാ ഗോപി</u>: പൊതുവിദ്യാഭ്യാസരംഗത്തെ തകർക്കുന്ന നയങ്ങളാണ് യു.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് നടപ്പാക്കികൊണ്ടിരിക്കുന്നത്. എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലുണ്ടായ പാളിച്ചകൾ വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ഏറെ ബുദ്ധിമുട്ടിലാക്കി. ഉന്നതവിദ്യാഭ്യാസ മേഖലയിലെ വികലനയങ്ങൾ തിരുത്താൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറാകണം. പ്ലസ്ടു അനുവദിച്ച സ്കൂളുകളിൽ ആവശ്യമായ തസ്തികകൾ

സൃഷ്ടിക്കണം. വിദ്യാഭ്യാസ വകുപ്പിലെ സ്ഥലം മാറ്റങ്ങളിൽ സ്വജനപക്ഷപാതം പ്രകടമാണ്. സർക്കാർ പ്രസ്സുകളെ ഒഴിവാക്കി പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യമേഖലയ്ക്ക് കൊടുത്തതിന്റെ ഫലമായാണ് പാഠപുസ്തക വിതരണത്തിൽ കാലതാമസമുണ്ടാകുന്നത്. ഉച്ചക്കഞ്ഞി വിതരണത്തിലെ ക്രമക്കേട് ഒഴിവാക്കുന്നതിനും യൂണിഫോം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. നാട്ടിക മണ്ഡലത്തിലെ കുഞ്ഞുണ്ണിമാഷ് സ്മാരകസമിതി പ്രവർത്തനക്ഷമമാക്കാനും സ്മാരക നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. എം. പി. അബ്ദു സമദ് സമദാനി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സർക്കാർ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും മലയാളഭാഷ നിർബന്ധമാക്കുന്നതിനും സംസ്കൃതഭാഷയ്ക്ക് പരിഗണന നൽകുന്നതിനും അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം, സ്മാർട് ചിൽഡ്രൻ പദ്ധതി എന്നിവ നടപ്പാക്കുന്നതിനുമുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ സർക്കാർ കൊണ്ടുവന്ന പരിഷ്ക്കാരങ്ങൾ കേരളത്തെ ആഗോള വിദ്യാഭ്യാസത്തിന്റെ

നിലവാരത്തിലെത്തിക്കാൻ സഹായിച്ചിട്ടുണ്ട്. അമിത രാഷ്ട്രീയവൽക്കരണം ഒഴിവാക്കി സർവ്വകലാശാലകളെ അക്കാദമിക കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കണം. ദേശീയ ഗെയിംസ് പ്രശംസനീയമാംവിധം സംഘടിപ്പിക്കുന്നതിന് കായിക വകുപ്പിന് സാധിച്ചു. കേരളീയകലകളെ പുനരുദ്ധരിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള സംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. വിവാഹച്ചടങ്ങുകളിലെ ധൂർത്ത് ഒഴിവാക്കുന്നതിനും സോഷ്യൽമീഡിയയെ ദുരുപയോഗപ്പെടുത്തുന്ന പ്രവണതകൾ തടയുന്നതിനും സിനിമാവ്യവസായത്തെ തകർക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതി കൈവരിക്കുന്നതിനും പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സർക്കാരിന് സാധിച്ചു. കൃത്യവും ശാസ്ത്രീയവുമായ പാഠപുസ്തക നിർമ്മിതി നടപ്പിലാക്കിയതും സ്വയം വിലയിരുത്തലിന് കുട്ടികളെ പ്രാപ്തമാക്കാൻ കഴിയുന്ന തരത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. പരീക്ഷ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്തി ഓരോ വിഷയത്തിനും മിനിമം മാർക്ക് ഏർപ്പെടുത്തി

കണ്ടിന്യുവസ്/ടെർമിനൽ ഇവാല്യുവേഷനുകൾക്കുള്ള മാർക്കുകൾ സെപ്പറേറ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പാക്കണം. അടിസ്ഥാന യോഗ്യതയെന്ന നിലയിൽ പ്ലസ് ടു പരീക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രേസ് മാർക്ക് നൽകുന്ന നടപടി ആശാസ്യമല്ല. DIET (District Institute of Education and Training)-നെ ശക്തിപ്പെടുത്തണം. ഡിജിറ്റൽ നോട്ട്ബുക്കുകളും സ്മാർട്ട് ക്ലാസ് റൂമുകളും നടപ്പിലാക്കാനുള്ള നടപടി സ്വാഗതാർഹമാണ്. എസ്.എസ്.എ/ആർ.എം.എസ്.എ. ഫണ്ടുകളുടെ പ്രയോജനം ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾക്കും ലഭ്യമാക്കണം. സ്കൂളുകളിൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ റെക്കറിംഗ് മെയിന്റനൻസിനുള്ള സംവിധാനമുണ്ടാക്കണം. കലാ-കായിക വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം മതിയായ അദ്ധ്യാപകരെയും നിയമിക്കണം. ASEP (Additional Skill Enhancement Programme) നടപ്പാക്കിയ നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: വിദ്യാഭ്യാസ മേഖലയ്ക്ക് അനുവദിച്ച പദ്ധതിവിഹിതം ചെലവഴിക്കുന്നതിനുപോലും സർക്കാരിന് സാധിച്ചിട്ടില്ല. സാംസ്കാരിക പുരോഗതിക്ക് പരിഗണന നൽകാനും മത മൗലികവാദത്തെയും തീവ്രവാദത്തെയും കക്ഷി-രാഷ്ട്രീയ ഭേദമന്യേ ചെറുത്ത് നിൽക്കാനും തയ്യാറാകണം. സിനിമാ വ്യവസായത്തെ തകർക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ.എസ്. ശബരീനാഥൻ</u>: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. ആധുനിക കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥികളെയും യുവാക്കളെയും ശാക്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നത് സ്വാഗതാർഹമാണ്. റിസർച്ചിന് പ്രാമുഖ്യം നൽകാനും ഐസർ, ഐ.ഐ.ടി പോലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകാനും തയ്യാറാകണം. നാഷണൽ ഗെയിംസ് മികച്ച രീതിയിൽ നടത്തുന്നതിന് പങ്ക് വഹിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. നാഷണൽ ഗെയിംസ് നല്ല രീതിയിൽ നടത്തുന്നതിന് പങ്ക് വഹിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. കേരളത്തിന്റെ ശൈലി ഉൾക്കൊണ്ടുകൊണ്ടുള്ള കലയെ പ്രോത്സാഹിപ്പിക്കുന്നത് സ്വാഗതാർഹമാണ്. സമസ്ത മേഖലകളിലും വ്യക്തമായ കയ്യൊപ്പ് ചാർത്താൻ സർക്കാരിന് കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. പാഠപുസ്തകങ്ങളുടെ അച്ചടിയുമായി ബന്ധപ്പെട്ടുണ്ടായ വീഴ്ച സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്താനും ഇത്തരം കാര്യങ്ങളിൽ വികേന്ദ്രീകരണം നടപ്പാക്കാനും സാധിക്കണം. അസെപ്, ഇ-ഗവേണൻസ്, സ്മാർട്ട് ചിൽഡ്രൻ പദ്ധതി, കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം മുതലായവ നടപ്പാക്കിയതിലൂടെ പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് സർക്കാരിന് കഴിഞ്ഞു. എസ്.എസ്.എ.യുടെ

ഭാഗമായി പിരിച്ചുവിട്ട റിസോഴ്സ് അദ്ധ്യാപകരെ തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കാലാവധി അവസാനിച്ച ജില്ലാ സ്പോർട്സ് കൗൺസിലുകൾ പിരിച്ചുവിടണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ജനജീവിതം ദു:സ്സഹമാക്കി. സാംസ്കാരിക സ്ഥാപനങ്ങൾക്ക് സംഭവിച്ച മൂല്യച്യുതിയെ സംബന്ധിച്ച് പരിശോധിക്കണം. വിദ്യാഭ്യാസ വകുപ്പിന്റെയും കെ.ബി.പി.എസ്.-ന്റെയും ഏകോപനമില്ലായ്മ പാഠപുസ്തക വിതരണം അവതാളത്തിലാക്കുകയും പൊതുവിദ്യഭ്യാസ രംഗം താറുമാറാക്കുകയും ചെയ്തു. സർവ്വകലാശാല വി.സി.-മാരുടെ കെടുകാര്യസ്ഥതയ്ക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിയുന്നില്ല. ഫാസിസ്റ്റ് വിരുദ്ധ കൂട്ടായ്മ ശക്തിപ്പെടുത്തണം. മലയാള ഭാഷാ നിയമനിർമ്മാണം അട്ടിമറിക്കപ്പെട്ടത് പ്രതിഷേധാർഹമാണ്. ഭാഷയുടെയും സംസ്കാരത്തിന്റെയും ശരിയായ മുന്നേറ്റത്തിന് മുൻകയ്യെടുക്കണം. ഗ്രന്ഥശാലകളെ ചലനാത്മകമാക്കുന്നതിനും സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. സ്റ്റേറ്റ്

ലൈബ്രറി കൗൺസിൽ തകർക്കാനുള്ള നീക്കത്തിൽനിന്ന് പിൻമാറി ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വളർത്താൻ നടപടിയുണ്ടാകണം. പ്രാദേശിക കലാസമിതികളും ലൈബ്രറികളും സജീവമാക്കണം. കുഞ്ചൻ നമ്പ്യാർ സ്മാരക കലാപീഠം നിർത്തലാക്കിയത് പരിശോധിക്കണം. കലാകാരൻമാരുടെ ക്ഷേമപദ്ധതികൾ നടപ്പാക്കുകയും പെൻഷൻ വിതരണം നടത്തുകയും ചെയ്യണം.

ശ്രീ. ഷാഫി പറമ്പിൽ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന രംഗത്തും ക്ഷേമപ്രവർത്തനങ്ങളിലും സാമൂഹ്യ സേവന പ്രവർത്തനങ്ങളിലും നിരവധി പദ്ധതികൾ നടപ്പിലാക്കി അഭിമാനകരമായ നേട്ടം കൈവരിക്കാൻ സർക്കാരിന് സാധിച്ചു. ജനപക്ഷത്തുനിന്ന് പ്രവർത്തിക്കുന്നുവെന്ന ആത്മവിശ്വാസത്തിൽ മുന്നോട്ടുപോകുന്ന യു.ഡി.എഫ്. ഗവൺമെന്റ് വർദ്ധിതവീര്യത്തോടെ വിജയപഥത്തിൽ എത്തിച്ചേരുമെന്ന കാര്യത്തിൽ സംശയമില്ല. പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായത് ചരിത്ര നേട്ടമാണ്. യുവാക്കളെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യമാകുംവിധം പ്രാപ്തരാക്കുകയും തൊഴിൽ നൈപുണ്യ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തത് വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടങ്ങളാണ്.

മലയാളം നിർബന്ധിത ഭാഷയാക്കുകയും ഭാഷാ പിതാവിന്റെ പേരിൽ മലയാളം സർവ്വകലാശാലയും സർക്കാർ/എയിഡഡ് മേഖലയിൽ ഇരുപത്തിരണ്ടോളം കോളേജുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തത് സുവർണ്ണ നേട്ടമായി ചരിത്രം വിലയിരുത്തും. പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തീകരിച്ച് വിതരണം ചെയ്യാനും അച്ചടിയുമായി ബന്ധപ്പെട്ട വീഴ്ചകൾക്ക് പരിഹാരം കണ്ടെത്താനും നടപടിയുണ്ടാകണം. മികവാർന്ന നേതൃത്വപാടവത്തോടെ ദേശീയ ഗെയിംസ് സംഘടിപ്പിക്കാൻ കഴിഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഉജ്ജ്വല നേട്ടമാണ്. ബി.ജെ.പി. ഗവൺമെന്റിന്റെ നയസമീപനങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനുപകരം പ്രതിപക്ഷം നടത്തുന്ന ബാലിശമായ ആരോപണങ്ങൾ അപലപനീയമാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സ്വകാര്യ മാനേജ്മെന്റുകളെ അതിരറ്റ് സഹായിക്കുന്ന നിലപാടാണ് വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിൽ വരുത്തിയ ഗുരുതരമായ വീഴ്ചയിൽനിന്ന് ഒഴിഞ്ഞുമാറാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിയില്ല. പൊതുവിദ്യാഭ്യാസ മേഖലയുടെ അടിത്തറ നഷ്ടപ്പെടുകയും അഴിമതിയും സ്വജനപക്ഷപാതവും

കൊടികുത്തി വാഴുകയുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതികൾ തുടർന്നുകൊണ്ടുപോകുന്നതിൽ ഈ ഗവൺമെന്റ് സമ്പൂർണ്ണ പരാജയമായി മാറി. മാനദണ്ഡങ്ങൾ മറികടന്ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിൽ അധിക ബാച്ചുകൾ അനുവദിക്കുകയും അഴിമതി വ്യാപകമാക്കുകയും ചെയ്തു. സ്വകാര്യ കോളേജുകൾക്ക് എയിഡഡ് പദവി നൽകാനുള്ള തീരുമാനം വ്യാപകമായ അഴിമതിക്ക് വഴിയൊരുക്കും. എസ്.സി.ഇ.ആർ.ടി.യിൽ പിൻവാതിൽ നിയമനം നടത്തുകയാണ് ചെയ്യുന്നത്. എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ ഉണ്ടായ ഗുരുതരമായ ക്രമക്കേട് അപമാനകരമാണ്. പാഠപുസ്തക വിതരണം വൈകുന്നതിനെ എതിർക്കുന്ന വിദ്യാർത്ഥികളോട് ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സർവ്വകലാശാലകളെ വിൽപ്പന ചരക്കാക്കുകയും വൈസ് ചാൻസിലർ പദവിയിൽ തൽപ്പരകക്ഷികളെ നിയമിക്കുകയും ചെയ്യുന്ന അപകടരമായ സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. സർവ്വകലാശാലകളിൽ ക്രമക്കേടുകൾ വർദ്ധിച്ചുവരികയാണ്. സ്വകാര്യ

സർവ്വകലാശാലകൾ ആരംഭിക്കാൻ ഹയർ എഡ്യുക്കേഷൻ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് അവസാനിപ്പിക്കണം.

ശ്രീ. എം. ഉമ്മർ: ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു. എൽ.ഡി.എഫ്.- യു.ഡി.എഫ്. ഭരണകാലത്തെ വിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള നേട്ടകോട്ടങ്ങളെപ്പറ്റി സമഗ്രമായ വിലയിരുത്തൽ നടത്തണം. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും 22 കോളേജുകളും സർക്കാർ എയിഡഡ് കോളേജുകളിൽ 219 കോഴ്സുകളും അനുവദിക്കുകയും പോസ്റ്റ് ക്രിയേഷൻ നടത്തുകയും പുതിയ പ്ലസ് ടു സീറ്റുകൾ അനുവദിക്കുകയും ചെയ്തു. ഗവൺമെന്റ്തലത്തിൽ മൂന്ന് മെഡിക്കൽ കോളേജുകൾ ആരംഭിച്ചതിലൂടെ അഞ്ച് വർഷം കൊണ്ട് വിദ്യാർത്ഥികൾക്ക് പഠനം പൂർത്തീകരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. സാധാരണക്കാരുടെയും പിന്നോക്കവിഭാഗക്കാരുടെയും വിദ്യാഭ്യാസ ഉന്നമനത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അർഹതയുടെ അടിസ്ഥാനത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ കോളേജുകൾ അനുവദിക്കുന്നതിനും നടപടി

സ്വീകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പുസ്തക അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കാൻ വേണ്ടി ആസൂത്രിതമായി നടത്തിയ നടപടികളുടെ ഫലമായാണ് സ്കൂളുകളിൽ സമയത്തിന് പുസ്തകം എത്തിക്കാൻ കഴിയാതെ വന്നത്.

ശ്രീ. സി. പി. മുഹമ്മദ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മലയാളം സർവ്വകലാശാല യാഥാർത്ഥ്യമാക്കുന്നതിനും മലയാളം നിർബന്ധിത ഭാഷയാക്കുന്നതിനും ഗവൺമെന്റ് ഇച്ഛാശക്തിയോടെ പ്രവർത്തിച്ചു. ഇ-ഗവേണൻസ്, കുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി, സർവ്വശിക്ഷാ അഭിയാൻ,ഐ.ടി.@സ്കൂൾ, 21 കോളേജുകൾ , പാലക്കാട് ഐ.ഐ.ടി., തുടങ്ങിയവ ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. ജൂലൈ 18-ന് തന്നെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ എത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസ് നടത്തിപ്പ് സമാനതകളില്ലാത്ത വിജയമായിരുന്നു. കലാ സാംസ്കാരിക രംഗത്ത് മലയാളത്തിന് ശ്രേഷ്ഠപദവി ലഭിച്ചത് വളരെയേറെ സമ്മർദ്ദങ്ങളുടെ ഫലമായാണ്. സാംസ്കാരിക സ്ഥാപനങ്ങൾ പുന:സംഘടിപ്പിച്ചത്

രാഷ്ട്രീയം നോക്കിയിട്ടല്ല. ബോംബെ, പൂന, കൽക്കത്ത, ബാംഗ്ലൂർ, ഹൈദരാബാദ്, ഡൽഹി എന്നിവിടങ്ങളിൽ സാഹിത്യ ക്യാമ്പ് നടത്തി കേരള സാഹിത്യ അക്കാദമി പുതിയ പാത തുറന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള കലാമണ്ഡലം തുടങ്ങി നിരവധി നേട്ടങ്ങൾ കലാസാംസ്കാരിക രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞു. സ്കൂൾ കലോത്സവങ്ങളിലെ മത്സരങ്ങൾക്ക് എല്ലാവരും അംഗീകരിക്കുന്ന മാനദണ്ഡമുണ്ടാക്കണം. വിദ്യാഭ്യാസ രംഗത്ത് അനാവശ്യമായ മത്സരങ്ങൾ അവസാനിപ്പിക്കണം. സ്കൂളുകളിൽ ലൈബ്രറിക്ക് പ്രമുഖ സ്ഥാനം നൽകണം.

<u>ശ്രീ. റ്റി.വി. രാജേഷ്</u>: കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണമായ അരാജകത്വമാണ് നിലനിൽക്കുന്നത്. പ്രഖ്യാപനങ്ങളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല. കണ്ണൂരിലെ സ്പോർട്സ് ഡിവിഷന്റെ ദയനീയാവസ്ഥ പരിഹരിക്കുന്നതിനും കണ്ണപുരത്ത് ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ ഒരു നാടൻ കലാഗ്രാമം അനുവദിക്കുന്നതിനുമായി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. എസ്.സി.ഇ.ആർ.റ്റി.യെ ശക്തിപ്പെടുത്താനോ അദ്ധ്യാപകർക്ക് മാറിയ പാഠപുസ്തകങ്ങളുടെ ഹാന്റ്ബുക്ക് ലഭ്യമാക്കുന്നതിനോ ഉള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിടുന്നതിനും എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക മേഖലകളിൽ സംവരണം

നടപ്പാക്കാനും സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണം.

(ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി ബഹിഷ്കരിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് ഇറങ്ങിപ്പോയി.)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കഴിഞ്ഞ ഒരു വർഷംകൊണ്ട് കേരളത്തിന്റെ സാംസ്കാരിക രംഗത്ത് വലിയ ഉണർവ്വുണ്ടായിട്ടുണ്ട്. മലയാള ഭാഷയുടെ വികസനത്തിനും പുരോഗതിക്കുംവേണ്ടി നടത്തിയ പരിശ്രമങ്ങളുടെ ഫലമായി ശ്രേഷ്ഠഭാഷാ പദവി, ഒന്നാം ഭാഷാ പദവി, മലയാളം യൂണിവേഴ്സിറ്റി എന്നിവയൊക്കെ ലഭിക്കുകയുണ്ടായി. സാംസ്കാരിക സ്ഥാപനങ്ങൾക്ക് പൂർണ്ണമായ സ്വാതന്ത്ര്യം കൊടുത്തതിലൂടെ ഗുണപരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കാൻ പോകുകയാണ്. പഴയ ഗ്രന്ഥങ്ങളും താളിയോല ഗ്രന്ഥങ്ങളുമടക്കം പത്തുലക്ഷം പേജുകൾ സ്കാനിംഗ് പൂർത്തിയാക്കി 1001 ഡിജിറ്റൽ ഗ്രന്ഥങ്ങൾ ലോകത്തിന് സമർപ്പിച്ചു. കേരള ചരിത്രത്തിലാദ്യമായി ശ്രീനാരായണഗുരുവിന്റെ ആശയങ്ങൾ മലയാളം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. ചെമ്പഴന്തിയിലെ അന്തർദേശീയ പഠനകേന്ദ്രവും മലയാളം മിഷനും സജീവമായി മുന്നോട്ടുപോകുകയാണ്. മോയിൻകുട്ടി വൈദ്യർ

സ്മാരകത്തെ മാപ്പിളകലാ അക്കാദമിയാക്കി മാറ്റുകയും വിപുലമായ അറബി/മലയാളം റഫറൻസ് ലൈബ്രറി സ്ഥാപിക്കുകയും ചെയ്തു. സമിതികൾ ഇടുക്കിയിലെ ആദിവാസി മൂപ്പൻ ചെമ്പൻ കൊലുമ്പന്റെ സ്മാരകം നിർമ്മിക്കുന്നതിന് ഈ വർഷം നടപടി സ്വീകരിക്കുന്നതാണ്. വൈലോപ്പിള്ളി ഭവൻ കോമ്പൗണ്ടിൽ തലസ്ഥാന നഗരിയിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെല്ലാം ഒന്നായി പ്രവർത്തിക്കുന്ന ഒരു കൾച്ചറൽ കോംപ്ലക്സ് പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പലവിധങ്ങളായ പരിപാടികളിലൂടെ മികച്ച മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവജനങ്ങൾക്ക് നൽകുന്ന സ്വാമിവിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം ഏറ്റവും വലിയ പുരസ്കാരമെന്ന നിലയിൽ ശ്രദ്ധേയമായിട്ടുണ്ട്. യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാന മന്ദിരവും യൂത്ത് കൺവെൻഷൻ സെന്ററും ഈ വർഷത്തെ അന്താരാഷ്ട്ര യുവജന ദിനത്തിൽ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വൈവിധ്യമാർന്ന പദ്ധതികളിലൂടെ സന്ദർശകർ ആഗ്രഹിക്കുന്ന തരത്തിൽ തനിമ നിലനിർത്തിക്കൊണ്ട് മ്യൂസിയവും മൃഗശാലയും മനോഹരമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

അയൽരാജ്യങ്ങളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിവിധ തരത്തിലുള്ള പക്ഷിമൃഗാദികളെ മൃഗശാലയിലേയ്ക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി വിവിധ മൃഗങ്ങളുടെ പരിബന്ധങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനോദത്തിനും വിജ്ഞാനത്തിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സിനിമാ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അടൂർ ഗോപാലകൃഷ്ണൻ റിപ്പോർട്ടിലെ ഒട്ടനവധി കാര്യങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഷാജി എൻ. കരുണിനെ ഡയറക്ടറാക്കി ഐ.എഫ്.എഫ്.കെ. ഇപ്രാവശ്യം തിരുവനന്തപുരത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ ഫിലിം സിറ്റിയായി ഡെവലപ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലുമായി മുന്നോട്ടുപോകുകയാണ്. പാരിസ്ഥിതിക അനുമതി കൊടുക്കുന്നതിനുവേണ്ടി ഓൺലൈൻ ആപ്ലിക്കേഷൻ ക്ഷണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കായികമേഖലയുടെ വികസനത്തിനായി സ്പോർട്സ് കൗൺസിൽ ചെയ്തിട്ടുള്ള

സേവനങ്ങൾ സ്തുത്യർഹമാണ്. വിവിധ മത്സരങ്ങളിൽ കേരളത്തിന്റെ അന്തസ് ഉയർത്തിയ കായികതാരങ്ങൾക്കായി 16,97,16,335 രൂപ വിതരണം ചെയ്തിട്ടുണ്ട്. പതിനേഴാമത് ഏഷ്യൻ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് 86,00,000 രൂപയും 35-ാം ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്കും പരിശീലകർക്കും ഒഫിഷ്യൽസിനുമായി 8,56,85,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്. സ്വർണ്ണം, വെള്ളി, വെങ്കലം എന്നിങ്ങനെ മൊത്തം 162 മെഡലുകൾ നേടി സംസ്ഥാനത്തിന്റെ യശ്ശസ് ഉയർത്തുന്നതിന് 35-ാം ദേശീയ ഗെയിംസിന് സാധിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസിൽ വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയവർക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നാഷണൽ ഗെയിംസിനോട് അനുബന്ധമായി വികസിപ്പിച്ചെടുത്ത സ്റ്റേഡിയങ്ങളുടെ സംരക്ഷണത്തിന് വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സ്പോർട്സ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയങ്ങൾ ദേശീയ അന്തർദേശീയ മത്സരങ്ങൾക്കുവേണ്ടി നൽകുന്നതിനും അതിൽ നിന്നും ലഭിക്കുന്ന വരുമാനം അവയുടെ പരിപാലനത്തിനായി വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസിന്റെ ആവശ്യത്തിനായി വാങ്ങിയ കായികോപകരണങ്ങളുടെ മൂല്യം നിർണ്ണയിച്ചശേഷം സ്പോർട്സ് കൗൺസിൽ മുഖേന അഫിലിയേറ്റഡ് അസോസിയേഷനുകൾക്ക് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈയ്ഡ് റിസർച്ച് - കേരള എന്ന പേരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഹോക്കിതാരം പി. ആർ. ശ്രീജേഷിന്റെ പേരിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വട്ടിയൂർക്കാവിലെ ഷൂട്ടിംഗ് റെയ്ഞ്ചിന്റെ പരിപാലനത്തിനായി സ്ഥലം എം.എൽ.എ.യുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. മലപ്പുറത്തെ കോട്ടപ്പുറത്ത് ഒരു ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കാലാവധി കഴിഞ്ഞ ജില്ലാ സ്പോർട്സ് കൗൺസിൽ പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട ബിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുകയോ അല്ലെങ്കിൽ നിയമപരമായ മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് യാതൊരു അഴിമതിയും നടന്നിട്ടില്ല. ഈ വിഷയത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വന്തമായി ഒരു തീരുമാനവും എടുത്തിട്ടില്ല. ഈ സർക്കാർ വന്നതിനുശേഷം പാഠപുസ്തകങ്ങൾ പരിഷ്കരിക്കുകയും പേപ്പറിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കുകയും കളർ പ്രിന്റിംഗ് ആക്കുകയും പാഠപുസ്തകഭാഗങ്ങൾ

എസ്.സി.ഇ.ആർ.ടി./ഐ.റ്റി@സ്കൂൾ സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് പാഠഭാഗങ്ങളെ സംബന്ധിച്ച വിവാദങ്ങളൊഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൂലൈ 20-ാം തീയതിയോടുകൂടി പാഠപുസ്തകങ്ങൾ എത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വളരെനേരത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം നടത്താൻ സാധിച്ചെങ്കിലും അപാകതകൾ സംബന്ധിച്ച് അന്വേഷിക്കുന്നതിനായി നിയോഗിച്ച വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടിയെടുക്കുന്നതാണ്. കറക്ഷൻ പരിഹരിച്ച് പ്രസിദ്ധീകരിച്ചപ്പോൾ ആകെ റിസൾട്ടിൽ അരശതമാനം മാറ്റം മാത്രമാണ് വന്നത്. ആഗോളതലത്തിലുള്ള മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കരണം ഉണ്ടാകണമെന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പിന്റെ കാഴ്ചപ്പാട്. പ്രീ-പ്രൈമറി ടീച്ചർമാരുടെ ശമ്പളം പരിഷ്കരിക്കുകയും സ്കൂൾതലത്തിൽ പുതിയ പാഠ്യപദ്ധതി ഉണ്ടാക്കുകയും കലയ്ക്കും സാഹിത്യത്തിനുമുള്ള പീരിയഡുകൾ ഉൾപ്പെടുത്തുകയും പരിശീലനരീതിയിൽ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറിയും കോളേജുകൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ കോളേജുകളും അനുവദിച്ചിട്ടുണ്ട്. മലയാള

സർവ്വകലാശാലയും ശാസ്ത്രസാങ്കേതിക സർവ്വകലാശാലയും ആരംഭിക്കുകയും ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിക്കുകയും 22 പുതിയ ഗവൺമെന്റ് കോളേജുകൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് നടത്തുന്നതിനും അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പ്രൈവറ്റ് സർവ്വകലാശാല തുടങ്ങാനുള്ള തീരുമാനം എടുക്കുകയോ കോഴിക്കോട് സർവ്വകലാശാലയിലെ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുക്കുകയോ ചെയ്തിട്ടില്ല. വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിനായി ഡി.ഇ.ഒ.-മാർക്ക് തുക കൈമാറുകയും ഉച്ച ഭക്ഷണത്തിനുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാരുടെയും ഡി.ഇ.ഒ.-മാരുടെയും പോസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്. അദ്ധ്യാപക പാക്കേജ് നിലവിൽ വരുന്നതോടെ അദ്ധ്യാപക മേഖലയിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. എൻട്രൻസ് കോച്ചിംഗിനുള്ള സൗകര്യമടക്കം വിദ്യാർത്ഥികൾക്ക് വളരെ സഹായകരമായ രീതിയിലാണ് വിക്ടേഴ്സ് ചാനൽ സംപ്രേക്ഷണം നടത്തുന്നത്. കുട്ടികളില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിനുപകരം അവിടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. സിവിൽ സർവ്വീസ് അക്കാദമി കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിച്ചത് സിവിൽ സർവ്വീസ് പരീക്ഷയിൽ സംസ്ഥാനത്തിന് മികച്ച നേട്ടം കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്.

വിദ്യാർത്ഥികളിൽ തൊഴിൽ അഭിരുചി വളർത്തുന്നതിനായി ആരംഭിച്ച അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാമിന്റെ രണ്ടാം ഘട്ടം തുടങ്ങുന്നതിനും പ്രായവ്യത്യാസമെന്യേ തൊഴിൽ പഠിക്കാൻ കഴിയുന്ന സംവിധാനമെന്ന നിലയിൽ സ്കിൽ പാർക്കുകൾ എല്ലാ നിയോജകമണ്ഡലങ്ങളിലും കൊണ്ടുവരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രീ-പ്രൈമറി കുട്ടികളുടെ ഭക്ഷണ വിതരണത്തിലുള്ള അപാകത പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി.യുമായി ബന്ധപ്പെട്ട് എഴുത്തുപരീക്ഷയ്ക്ക് മിനിമം മാർക്ക് വേണമെന്ന നിർദ്ദേശം ചർച്ച ചെയ്യുന്നതാണ്. കലോത്സവങ്ങളുടെ കാര്യത്തിൽ അപ്പീലുകൾ കാരണമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മാന്വൽ പരിഷ്കരണം നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്. കലോത്സവങ്ങൾ നല്ല രീതിയിൽ സംഘടിപ്പിക്കുന്നതിനും എല്ലാവർക്കും കാണുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പ്ലസ്ടു അനുവദിച്ചിട്ടുള്ളത്. 2013-ൽ കൊടുത്ത ബാച്ചുകളുടെ പോസ്റ്റ് ക്രിയേഷനാണ് ബാക്കിയുള്ളത്. 100 കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതും രണ്ടാംഘട്ടമായി 50 കുട്ടികളുള്ള സ്കൂളുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതുമാണ്. ഹയർ

സെക്കണ്ടറി ഡയറക്ടറുടെ തീരുമാനത്തിനും കോടതിയുടെ അംഗീകാരത്തിനും വിധേയമായാണ് സ്കൂളുകളിൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ചത്. നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായാണ് വൈസ് ചാൻസലർമാരെ നിയമിക്കപ്പെട്ടിട്ടുള്ളത്. ഗ്രേസ് മാർക്ക് അഡ്മിഷനുള്ള അഡീഷണൽ എലിജിബിലിറ്റിയായി കണക്കാക്കുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. വിദ്യാഭ്യാസ വകുപ്പിൽ പിൻവാതിൽ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. ലൈബ്രറികളെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതാണ്. എല്ലാവരുടെയും അഭിപ്രായങ്ങൾ ഉൾക്കൊണ്ടുകൊണ്ടും ജനാധിപത്യസംവിധാനങ്ങൾ സംരക്ഷിച്ചുകൊണ്ടും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിന് കുറ്റമറ്റ രീതിയിലുള്ള സാങ്കേതിക സർവ്വകലാശാല ബിൽ സഭയിൽ കൊണ്ടുവരുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.

***********